## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7353**

**14.07.2014 ലെ മറുപടി**

**പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ**

ചോദ്യം | മറുപടി

ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, വി. ഡി. സതീശൻ

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. പ്രവാസി സാഹിത്യ പുരസ്കാരം, പ്രവാസി മാധ്യമ പുരസ്കാരം, സാമൂഹിക പുരസ്കാരം എന്നീ വിഭാഗങ്ങളിലായി നോർക്ക റൂട്ട്സ് പ്രവാസി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശത്തും മറ്റു സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളി എഴുത്തുകാരുടെ നിശ്ചിത വർഷങ്ങളിലെ മികച്ച നോവൽ, കഥ എന്നിവയാണ് പ്രവാസി സാഹിത്യ പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നത്. കൂടാതെ സംഗീത നാടക അക്കാദമിയിൽ 2012 മുതൽ പ്രവാസി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പുരസ്കാരങ്ങൾ നൽകുന്നതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) പ്രവാസി മാധ്യമപ്രവർത്തകർക്കും സാമൂഹിക പ്രവർത്തകർക്കും പ്രചോദനം നൽകുക, പ്രവാസി സാഹിത്യം പ്രോൽസാഹിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടെയാണ് നോർക്ക റൂട്ട്സ് പ്രവാസി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.<br>പ്രവാസി കലാകാരൻമാർക്കിടയിൽ കലകളുടെ സ്വാധീനം വർദ്ധിപ്പിക്കുകയാണ് സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. 15 വർഷമായി കേരള സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കലാകാരൻമാരെയാണ് പ്രസ്തുത പുരസ്കാരങ്ങൾക്ക് തെരഞ്ഞെടുക്കുന്നത്. |
| (സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) നോർക്ക റൂട്ട്സിന്റെ സ്വന്തം ഫണ്ടും സംഗീത നാടക അക്കാദമി പദ്ധതി ഫണ്ടുമാണ് ഇതിനായി വിനിയോഗിക്കുന്നത്. |
| (ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) പ്രവാസി കലാകാരൻമാരുടെ കഴിവുകൾ കലാസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി സംഗീത നാടക അക്കാദമി പ്രവാസി കലോൽസവങ്ങളും പ്രവാസി |

| | |
|---|---|
| | നാടകോൽസവങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്. നോർക്ക റൂട്ട്സ് എല്ലാ വർഷവും പുരസ്ക്കാരങ്ങൾ നൽകാറുണ്ട്.<br>താഴെ പറയുന്ന മേഖലകളിലാണ് നോർക്ക റൂട്ട്സ് പ്രവാസി പുരസ് കാരങ്ങൾ നൽകി വരുന്നത്.<br>പ്രവാസി സാഹിത്യ പുരസ്കാരം-നോവൽ (വിദേശം)<br>പ്രവാസി സാഹിത്യ പുരസ്കാരം-നോവൽ (മറ്റ് സംസ്ഥാനങ്ങൾ)<br>പ്രവാസി സാഹിത്യ പുരസ്കാരം-കഥ (വിദേശം)<br>പ്രവാസി സാഹിത്യ പുരസ്കാരം-കഥ (മറ്റ് സംസ്ഥാനങ്ങൾ)<br>പ്രവാസി മാധ്യമ പുരസ്കാരം- പത്രം<br>പ്രവാസി മാധ്യമ പുരസ്കാരം- ദൃശ്യ/ശ്രവ്യ മാധ്യമം<br>പ്രവാസി സാമൂഹിക പുരസ്കാരം (വിദേശം)-5 എണ്ണം<br>ലഭിക്കുന്ന എൻട്രികൾ/അപേക്ഷകൾ അതത് വിഭാഗത്തിന്റെ പ്രഗത്ഭരുൾപ്പെടുന്ന ജൂറികൾ രൂപീകരിച്ച് ആണ് അവാർഡ് നിർണയിക്കുന്നത്. |

സെക്ഷൻ ഓഫീസർ